

# ദാഹം



ഡോഃ നന്ദകുമാർ ചാണയിൽ

അപാരമഗാധം, പാരാവാരം നീ ജ്ഞാനസിന്ധോ!

ദാഹി ഞാൻ, തരുമോ നീ ഒരു ചെറുതുള്ളി എനിക്ക്?

ദാഹരഹിതനാട്ടെ, പാലാഴിയും ഒരു പാഴ്ക്കടൽ!

ഗർത്തങ്ങളജ്ഞാത,മവയളക്കുവാൻ ത്രാണി-

യില്ലെങ്കിലും ഗർവ്വാൽ സമസ്തവും സ്വന്തം

കാൽക്കീഴിലാക്കാൻ പാമരനുണ്ടേറെ ഗർവ്വം.

അൽപൻ തേടുന്നൂ, നിശാമദ്ധ്യേ, ചത്രചരായ,

കൂപമണ്ഡൂകമുണ്ടറിവൂ ഇതരജലാശയസങ്കേതവും

ബാഹ്യപ്രപഞ്ചവും?

ശാസ്ത്രിയും ശാസ്ത്രജ്ഞനും പരക്കം പായുന്നു

എന്തെന്നറിയാതെ,എന്തിനെ,ന്നെവിടേയ്ക്കെന്നും !

കവിയുമോടുന്നു നെട്ടോട്ടം, കപിപോൽ വൃത്തത്തിൽ

വൃത്തമൊപ്പിച്ചിടാനും വൃത്തിക്കുമായ്!

ആദിയുമില്ല, അന്തവുമില്ല, ഗോളചചക്രമിതുതിരിയവേ,

ചെയ്യുതീർക്കാനേറെയുണ്ടേ, ക്ഷണികമാമീ

നീർക്കുമിളയ്ക്കും.

അമ്രുത്പോൽ, നഞ്ചുപോൽ, അൽപമേ വേണ്ടൂ

അമ്രുതമാം ജ്ഞാനത്തിൻ കണം കിട്ടുമോ-

യീ വേഴാമ്പലിൻ ദാഹം തീർത്തിടാൻ?